**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** **30-07-2021 - ൽ മറുപടിയ്ക്ക്**

**പൈപ്പുകളുടെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സി.ഡബ്ള്യൂ.എസ്.എസ്. പ്രകാരം 2018-ൽ ഭരണാനുമതി ലഭിച്ച വടക്കാഞ്ചേരിയിലും സമീപ പഞ്ചായത്തുകളിലുമുള്ള പഴയതും തകരാറിലായതുമായ പൈപ്പുകളുടെ നവീകരണപ്രവൃത്തികൾക്കായി 5 കോടി രൂപ അനുവദിച്ചിരുന്നതിൽ നിന്ന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സി.ഡബ്ള്യൂ.എസ്.എസ് പ്രകാരം വടക്കാഞ്ചേരിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി 2018 ൽ നൽകിയിട്ടില്ല. എന്നാൽ ടി പദ്ധതിക്ക് 5 കോടി രൂപയുടെ ഭരണാനുമതി 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി നൽകിയിരുന്നു. ഇത് വരെ 2,55,72,192 രൂപ ഈ പ്രവർത്തിക്ക് ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | ഭാഗികമായി പൂർത്തീകരിച്ചു |
| (സി) | ഇല്ലെങ്കിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് 24.11.2016-ൽ പ്രവർത്തനാനുമതി നൽകുകയും 06.01.2017-ൽ കരാറുകാരൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തിയിൽ 10.10 കി.മീ. നീളത്തിൽ വിവിധ വ്യാസമുള്ള DI/PVC പൈപ്പുകൾ സ്ഥാപിക്കേണ്ടിയിരുന്നു. ആയതിൽ 7.457 കി.മീ. നീളത്തിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ റോഡ് റീസ്റ്റോറേഷൻ ചാർജ് പി.ഡബ്ള്യൂ.ഡി. ആവശ്യപ്പെട്ട പ്രകാരം 13.10.2017-ൽ ഒടുക്കിയിരുന്നു. എന്നാൽ അഡീഷണൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ആയി 45,33,339 രൂപ ആവശ്യപ്പെടുകയും അത് പ്രകാരം 17.10.2020 ൽ പ്രസ്തുത തുക ഈ ഇനത്തിൽ പി.ഡബ്ള്യൂ.ഡി.യിൽ അടക്കുകയും ചെയ്തിട്ടുണ്ട് . പ്രവൃത്തി ചെയ്യുവാനുള്ള സമയപരിധി നീണ്ടുപോയതിനാൽ കരാറുകാരന്റെ സമയപരിധി കഴിഞ്ഞെന്നും പഴയ റേറ്റിൽ പണി പൂർത്തിയാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും അധിക തുക നൽകണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ട അധിക തുക നൽകാൻ സാധിക്കാത്തതിനാൽ 28.05.2021-ൽ കരാർ റദ്ദ് ചെയ്തു. ബാക്കി പ്രവൃത്തികൾ ടെണ്ടർ |

| | | | |
|---|---|---|---|
| | | | ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ